മംഗളം
MANGALAM MALAYALAM NEWS
07 January 2024

# തീരക്കടലിനപ്പുറം മീൻപിടിത്തം നിയന്ത്രിക്കാൻ കേന്ദ്ര നിയമം വേണം: സി.എം.എഫ്.ആർ.ഐ.

കൊച്ചി: ഇന്ത്യൻ സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനായി കേന്ദ്ര നിയമനിർമാണം (മറൈൻ ഫിഷറി ആക്ട്) ഉൾപ്പെടെ സമഗ്രമായ നിർദേശങ്ങളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). 12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള തീരക്കടലിനപ്പുറം ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻ കേന്ദ്ര നിയമം അനിവാര്യമാണെന്ന് നയരൂപീകരണത്തിനുള്ള സി.എം.എഫ്.ആർ.ഐയുടെ നിർദേശം ചൂണ്ടിക്കാട്ടി.

നീതി ആയോഗിന്റെ നേതൃത്വത്തിൽ സി.എം.എഫ്.ആർ.ഐയിൽ നടന്ന ദേശീയ ശിൽപശാലയുടെ ഭാഗമായുള്ള വികസന ചർച്ചയിലാണ് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർദേശങ്ങൾ അവതരിപ്പിച്ചത്. ഇന്ത്യൻ സമുദ്രാതിർത്തിയിൽ സുസ്ഥിരരീതികൾ നടപ്പിലാക്കുന്നതിന് ഇത്തരം നിയമനിർമാണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. തീരക്കടലുകളിലെ മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനു സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

സമുദ്രസമ്പത്തിന്റെ ശാസ്ത്രീയ വംശസംഖ്യാനിർണയം (സ്റ്റോക് അസസ്മെന്റ്) വ്യവസ്ഥാപിക്കിതമാക്കണമെന്നതാണ് മറ്റൊരു ശിപാർശ. ലോക വ്യാപാര സംഘടനയിലെ (ഡബ്ല്യു.ടി.ഒ) സബ്സിഡിയുമായി ബന്ധപ്പെട്ട ചർച്ചകളിലും മറ്റ് അന്തർദേശീയ വ്യവഹാരങ്ങളിലും സമുദ്രസമ്പത്തിന്റെ ആരോഗ്യാവസ്ഥ നിർണായകമാണെന്നതിനാൽ ഈ കണക്കെടുപ്പ് വ്യവസ്ഥാപിതമാക്കുന്നതിന് കേന്ദ്രസർക്കാർ മുൻകയ്യെടുക്കണമെന്നാണ് നിർദേശം.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെനയാണ് ചർച്ച നിയന്ത്രിച്ചത്. മത്സ്യബന്ധനമേഖലയിൽ ഇനി പുരോഗതി കൈവരിക്കുന്നതിന് ആഴക്കടലിൽ സമ്പത്ത് പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

നീതി ആയോഗ് അംഗം പ്രഫ. രമേശ് ചന്ദ് ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ പ്രതിനിധീകരിച്ചെത്തിയ നയരൂപീകരണ വിദഗ്ധർ, ഗവേഷകർ, വ്യവസായപ്രമുഖർ, മത്സ്യത്തൊഴിലാളി-ബോട്ടുടമ പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് സി.എം.എഫ്.ആർ.ഐ. നിർദേശങ്ങൾ അവതരിപ്പിച്ചത്.